Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ. KITE/ 2022/ 1562 (27) തീയതി : 05.05.2022

## സർക്കുലർ

വിഷയം :- കൈറ്റ് – ലിറ്റിൽ കൈറ്റ്സ് – അമ്മമാർക്കുള്ള സൈബർ സുരക്ഷാ അവബോധ പരിശീലനം – ഫോട്ടോ അപ്‌ലോഡിംഗ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ (സാധാ) നം.361/ 2018/ പൊ.വി. തീയതി 20.01.2018.
2. ഈ ഓഫീസിലെ 13.04.2022 ലെ KITE/ 2022/ 1562 (21) നമ്പർ സർക്കുലർ.

സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി അമ്മമാർക്ക് സൈബർ സുരക്ഷാ പരിശീലനം 2022 മെയ് മാസം നടത്തുന്നതിന് സൂചന 2 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡോക്യുമെന്റേഷന്റെ ഭാഗമായി പരിശീലന കേന്ദ്രങ്ങളിലെ മികച്ച ഫോട്ടോകൾ സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ നിന്നും അമ്മമാർക്കുള്ള പരിശീലനത്തിന്റെ മികച്ച 5 ഫോട്ടോകളാണ് അപ്‌ലോഡ് ചെയ്യേണ്ടത്. സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യേണ്ട ഫോട്ടോകൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ചുമതലയുള്ള മാസ്റ്റർ ട്രെയിനർക്ക് ഇ-മെയിലായി കൈറ്റ് മാസ്റ്റർ/മിസ്ട്രസ് നൽകേണ്ടതാണ്.

2. ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ഫോട്ടോകൾ മാസ്റ്റർട്രെയിനർമാർ അവരുടെ സ്കൂൾ വിക്കി ലോഗിനിൽ നിന്നും 2022 മെയ് 25-നകം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

3. ഫോട്ടോകൾ തനതായിരിക്കണം, ഏതെങ്കിലും തരത്തിലുള്ള ഇമേജ് മാനിപുലേഷൻ വരുത്തുവാൻ പാടില്ല.

4. ഫോട്ടോകൾ പരമാവധി വിദ്യാർത്ഥികളേയും അമ്മമാരേയും കേന്ദ്രീകരിച്ചുള്ളത് ആയിരിക്കണം. ചടങ്ങുകളുടെയോ വ്യക്തികളുടേയോ ചിത്രങ്ങൾക്ക് പ്രാധാന്യം നൽകരുത്.

5. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയുടെ ഫയൽ നാമം **MT2022_Dist short name_school code_number of photo.jpg** എന്ന രൂപത്തിലായിരിക്കണം . **(Dist short name – TVM, KLM, PTA, ALP, IDK, KTM, EKM, TSR, PKD, MLP, WYD, KKD, KNR, KGD)**

*ഉദാഹരണം: ആലപ്പുഴ ജില്ലയിലെ 35028 സ്കൂൾകോഡായ വിദ്യാലയത്തിലെ ഒന്നാമത്തെ ചിത്രത്തിന്റെ ഫയൽനാമം* ***MT2022_ALP_35028_1.jpg***

6. ഫോട്ടോകൾ 2MB ഫയൽ സൈസിൽ കുറവുള്ളതും jpg ഫോർമാറ്റിലും ആയിരിക്കണം. ഫോട്ടോയുടെ ഓറിയന്റേഷൻ ലാൻഡ്‌സ്കേപ്പും റസല്യൂഷൻ 1920 X1250 ഉം ആയിരിക്കണം

7. അപ്‌ലോഡ് ചെയ്ത മുഴുവൻ ചിത്രങ്ങളും schoolwiki.in വഴി എല്ലാവർക്കും കാണാൻ കൈറ്റ് പ്രദർശന സംവിധാനമൊരുക്കുന്നതാണ്. അതുകൊണ്ട് തന്നെ സ്കൂൾ വിക്കിയിലെ സ്കൂളിനെക്കുറിച്ചുള്ള വിവരങ്ങൾ കാലാനുസൃതമായി പുതുക്കാനും സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലെയും പ്രഥമാധ്യാപകർക്ക് - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ